ഉത്തരം

(എ) ഇല്ല.

(ബി) തൊഴിൽ നികുതി കൂടുതലാണെന്നും അവ കുറയ്ക്കണമെന്നും ആവശ്യപ്പെട്ട് താഴെപ്പറയുന്ന സർവീസ് സംഘടനകളിൽനിന്നും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്.

1. കേരള സെക്രട്ടേറിയറ്റ് അസോസിയേഷൻ
2. കേരള പബ്ലിക് സർവീസ് കമ്മിഷൻ സ്റ്റാഫ് അസോസിയേഷൻ
3. കേരള സെക്രട്ടേറിയറ്റ് എംപ്ലോയീസ് അസോസിയേഷൻ
4. കേരള അനിമൽ ഹസ്ബൻഡറി മിനിസ്റ്റീരിയൽ സ്റ്റാഫ് അസോസിയേഷൻ
5. കേരള പ്രൈവറ്റ് പോളിടെക്നിക് സ്റ്റാഫ് അസോസിയേഷൻ.
6. കേരള എൻ.ജി.ഒ. യൂണിയൻ.
7. കേരള ഫിനാൻസ് സെക്രട്ടേറിയറ്റ് അസോസിയേഷൻ.
8. പി.എസ്.സി. എംപ്ലോയീസ് അസോസിയേഷൻ.
9. കേരള എൻ.ജി.ഒ. സംഘ്.
10. സെക്രട്ടേറിയറ്റ് സ്റ്റാഫ് അസോസിയേഷൻ.
11. കേരള ഫിനാൻസ് സെക്രട്ടേറിയറ്റ് സ്റ്റാഫ് കോൺഗ്രസ്സ്.
12. കോൺഫഡറേഷൻ ഓഫ് സെൻട്രൽ ഗവൺമെന്റ് എംപ്ലോയീസ് ആന്റ് വർക്കേഴ്സ്

(സി)&(ഡി) ഉണ്ട്. ശമ്പള പരിഷ്കരണത്തിനുശേഷം തൊഴിൽ നികുതി പരിഷ്കരിച്ചിട്ടില്ല. അതേസമയം പഞ്ചായത്തുകൾക്ക് ബാധകമാക്കിയ ഭേദഗതി ചട്ടങ്ങൾ പ്രകാരം നിശ്ചയിച്ച 8 സ്ലാബുകൾ തന്നെ മുനിസിപ്പൽ/കോർപ്പറേഷൻ ചട്ടങ്ങളിലും ഉൾപ്പെടുത്തി പരിഷ്കരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

149 (730) തൊഴിൽ നികുതി നിശ്ചയിക്കുന്നതിന്റെ മാനദണ്ഡം

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തൊഴിൽനികുതി നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം എന്താണ് എന്ന് വിശദീകരിക്കുമോ;

(ബി) തൊഴിൽ നികുതി വൻതോതിൽ വർദ്ധിപ്പിച്ചുവെന്ന് പരാതി ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത പരാതിയിൽ എന്ത് നടപടി കൈക്കൊണ്ടിട്ടുണ്ട്;

(ഡി) വർദ്ധിപ്പിച്ച തൊഴിൽ നികുതി കുറയ്ക്കുവാനും ശാസ്ത്രീയമായി പരിഷ്കരിക്കുവാനും നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) എല്ലാ അലവൻസുകളുമുൾപ്പെടെയുള്ള അർദ്ധവാർഷിക വരുമാനത്തിന്റെ തോത് അനുസരിച്ചാണ് തൊഴിൽ നികുതി നിരക്ക് നിർണ്ണയിക്കുന്നത്. അർദ്ധവാർഷിക വരുമാനം 12,000 രൂപ മുതൽക്കുള്ളവർ മാത്രമേ തൊഴിൽ നികുതി കൊടുക്കേണ്ടതുള്ളൂ.

(ബി) ഉണ്ട്.

(സി) തൊഴിൽ നികുതി സ്ലാബുകളിലെ അപാകത മാറ്റുന്നത് സംബന്ധിച്ച് വിശദമായി ചർച്ചചെയ്യുകയും 1.9.97-ലെ സർക്കാർ ഉത്തരവ് പ്രകാരം പഞ്ചായത്തുകൾക്ക് ബാധകമാക്കിയ ഭേദഗതി ചട്ടങ്ങൾ പ്രകാരം നിശ്ചയിച്ച 8 സ്ലാബുകൾ മുനിസിപ്പാലിറ്റി ചട്ടങ്ങളിലും ഉൾപ്പെടുത്തി സ്ലാബുകൾ പരിഷ്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ഡി) തൊഴിൽനികുതി നിരക്ക് വർദ്ധിപ്പിച്ചിട്ടില്ല. രണ്ടാം ധനകാര്യ കമ്മിഷന്റെ ശുപാർശകൾ ലഭിച്ചശേഷം തൊഴിൽ നികുതി പുനർനിർണ്ണയം നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

150 (731) ത്രിതല പഞ്ചായത്തുകൾക്ക് ഫോട്ടോസ്റ്റാറ്റ് മെഷീൻ

ശ്രീ. കെ.സി. ജോസഫ് :
ശ്രീ. എ.കെ. മണി :
ശ്രീ. കെ.സി. വേണുഗോപാൽ :
ഡോ. വി.ജെ. പൗലോസ് :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്തുകൾക്ക് ഫോട്ടോസ്റ്റാറ്റ് മെഷീൻ നൽകാൻ വേണ്ടി എത്ര രൂപ സമാഹരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ബി) ഏത് തീയതിവരെയാണ് പണം പഞ്ചായത്തുകളിൽ നിന്നും സ്വരൂപിച്ചത്;

(സി) പണം എവിടെ, ആരുടെ പേരിലാണ് നിക്ഷേപിച്ചിരിക്കുന്നതെന്നും, പലിശ ഉൾപ്പെടെ 1999 ഡിസംബർ 31 വരെ എത്ര രൂപയാണെന്നും വെളിപ്പെടുത്തുമോ;

(ഡി) എത്ര രൂപ ഇതുവരെ എന്തെല്ലാം ആവശ്യത്തിനായി ചെലവഴിച്ചു;

(ഇ) ഇതുവരെ ഫോട്ടോസ്റ്റാറ്റ് മെഷീൻ നൽകാതെയിരിക്കാൻ കാരണം എന്താണ്;

(എഫ്) പലിശ ഇനത്തിൽ ലഭിച്ച തുക അതാത് പഞ്ചായത്തുകൾക്ക് തിരികെ നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഗ്രാമപഞ്ചായത്തുകൾക്ക് ഫോട്ടോസ്റ്റാറ്റ് മെഷീൻ നൽകാൻ വേണ്ടി 691 ലക്ഷം രൂപ (അറുന്നൂറ്റി തൊണ്ണൂറ്റിയൊന്ന് ലക്ഷം രൂപ) പഞ്ചായത്ത് ഡയറക്ടർ സമാഹരിച്ചിട്ടുണ്ട്. ജില്ലാ ബ്ലോക്ക് പഞ്ചായത്തുകളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly